ഭരണഭാഷ മാതൃഭാഷ
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം
ഫോൺ നമ്പര് -0471 2323192

നം.എച്ച്എസ്ഇ/14484/2026 എക്സാം IV-4 തീയതി : 22-08-2026

**പരിപത്രം**

വിഷയം :- 2026 ജൂണിൽ നടന്ന രണ്ടാം വർഷ ഹയർ സെക്കന്ററി സേ/ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ മാർക്ക് ലിസ്റ്റ് വിതരണം ചെയ്യുന്നത് -സംബന്ധിച്ച്.

2026 ജൂണിൽ നടന്ന രണ്ടാം വർഷ ഹയർ സെക്കന്ററി സേ/ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, മൈഗ്രേഷൻ സർട്ടിഫിക്കേറ്റ് എന്നിവ 24/08/2026 തീയതിയിൽ ജില്ലാ കേന്ദ്രങ്ങളിൽ എത്തിചേരുന്നതാണ്.
പ്രിൻസിപ്പാൾമാർ അതാത് ജില്ലാകേന്ദ്രങ്ങളിലെ പ്രിൻസിപ്പാൾ/ജില്ലാ കോർഡിനേറ്റർ/ബന്ധപ്പെട്ട RDD ബന്ധപ്പെട്ട് വിതരണ തീയതി മനസ്സിലാക്കേണ്ടതും വിതരണ തീയതിയിൽ തന്നെ ജില്ലാ കേന്ദ്രങ്ങളിൽ നിന്നും സർട്ടിഫിക്കേറ്റുകൾ കൈപ്പറ്റേണ്ടതുമാണ്.

**വിതരണ കേന്ദ്രത്തിൽ നിന്നും മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റുമ്പോൾ താഴെ പറയുന്ന മാർഗനിർദ്ദേശങ്ങൾ സ്കൂൾ പ്രിൻസിപ്പൽമാർ പാലിക്കേണ്ടതാണ്.**

1. സ്കൂൾ പ്രിൻസിപ്പലോ, പ്രിൻസിപ്പാൾ രേഖാമൂലം ചുമതലപ്പെടുത്തിയ അദ്ധ്യാപകരോ സ്കൂൾ സീലോട് കൂടി വിതരണ കേന്ദ്രത്തിൽ എത്തി മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റേണ്ടതാണ്.

2. വിതരണ കേന്ദ്രത്തിൽ നിന്നും ലഭ്യമായ പാക്കറ്റിനുള്ളിൽ എല്ലാ കുട്ടികളുടെയും മാർക്ക് ലിസ്റ്റ് ഉണ്ടെന്നും ആയത് തങ്ങളുടെ സ്കൂളിലേത് ആണെന്നും സ്കൂൾ കോഡ് നോക്കി ഉറപ്പ് വരുത്തിയ ശേഷം മാത്രമേ വിതരണ കേന്ദ്രം വിട്ട് പോകാൻ പാടുള്ളു.

3. വിതരണ കേന്ദ്രത്തിൽ നിന്നും ലഭ്യമായ സർട്ടിഫിക്കേറ്റിൽ പരീക്ഷയെഴുതിയ എല്ലാ വിദ്യാർത്ഥികളുടെയും മാർക്ക് ലിസ്റ്റ് ലഭിക്കാതിരിക്കുക,

കേടുപാടുകളുള്ള മാർക്ക് ലിസ്റ്റ് ലഭിക്കുക തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടാൽ ടി വിവരം വിതരണ കേന്ദ്രത്തിലെ പ്രിൻസിപ്പാളിനെ അറിയിച്ച് കൈപ്പററ് രസീതിൽ രേഖപ്പെടുത്തി വേണം വിതരണ കേന്ദ്രം വിട്ട് പോകാൻ. പിന്നീട് വരുന്ന അപേക്ഷകൾ പുതിയ സർട്ടിഫിക്കേറ്റ് നൽകുന്നതിനായി പരിഗണിക്കുകയില്ല.

ജോയിന്റ് ഡയറക്ടർ (പരീക്ഷാ വിഭാഗം)

Digitally signed by
K Manickaraj
Date: 22-08-2026
14:36:27